## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :1316 — 03-12-2015-ൽ മറുപടിക്ക്

### പുതിയ മാവേലി സ്റ്റോറുകൾ

**ചോദ്യം**

ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
,, എ.പി.അബ്ദുള്ളക്കുട്ടി
,, എം.പി.വിൻസെന്റ്
,, ബെന്നി ബെഹനാൻ

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും
ഉപഭോക്തൃസംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കൂടുതൽ മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ; | (എ) | നിലവിൽ സപ്ലൈകോയുടെ വിൽപ്പനശാലകളില്ലാത്ത എല്ലാ ഗ്രാമപഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് തീരുമാനമുണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) | കേരളത്തിൽ ആകെയുള്ള 941 ഗ്രാമപഞ്ചായത്തുകളിൽ 39 പഞ്ചായത്തുകളിലൊഴികെ എല്ലാ പഞ്ചായത്തുകളിലും സപ്ലൈകോയുടെ വിൽപ്പനശാലകൾ പ്രവർത്തിക്കുന്നുണ്ട്. ഈ 39 പഞ്ചായത്തുകളിൽ കൂടി സപ്ലൈകോ വിൽപ്പനശാലകൾ ആരംഭിക്കുന്നതിനായി ഊർജ്ജിതശ്രമങ്ങൾ നടത്തിവരുന്നു. ഇതുപ്രകാരം കേരളത്തിലെ എല്ലാ സാധാരണ ജനങ്ങൾക്കും പൊതുവിപണിയിലേതിനേക്കാൾ വിലകുറച്ച് സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങൾ നൽകുന്നതിനും അതുവഴി പൊതുവിപണിയിലെ വിലവർദ്ധനവ് നല്ലൊരു പരിധിവരെ നിയന്ത്രിക്കുന്നതിനും സാധിക്കുന്നുണ്ട്. |
| (സി) | പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (സി) | ഇതിനായി സപ്ലൈകോ വിൽപ്പനശാലകളില്ലാത്ത എല്ലാ ഗ്രാമപഞ്ചായത്തുകളിലേയും സെക്രട്ടറിമാർക്കും ഈ പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള നിബന്ധനകൾ സപ്ലൈകോ ഹെഡ് ആഫീസിൽ നിന്നും നേരിട്ട് നൽകിയതിന് പുറമേ പഞ്ചായത്തുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ ഊർജ്ജിത ശ്രമങ്ങൾ നടത്തുന്നതിന് സപ്ലൈകോയുടെ 5 റീജിയണൽ മാനേജർമാർക്കും ഡിപ്പോ മാനേജർമാർക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

Beena

സെക്ഷൻ ഓഫീസർ